# കണ്ണീർപ്പൂക്കൾ

എന്റെ ഉപ്പയുടെ ഓർമ്മകൾ എന്റെ ഇളം മനസ്സിൽ നിന്ന് കുറിക്കുന്നു, ഉപ്പ കൂടുതൽ സമയവും ചിലവഴിച്ചിരുന്നത് ദൈവിക കാര്യങ്ങൾക്കായിരുന്നു. ദിക്ർ, ദുആ, പ്രാർത്ഥന തുടങ്ങിയ കാര്യങ്ങളിൽ ഏർപ്പെട്ടായിരുന്നു അധിക സമയവും കാണപ്പെട്ടിരുന്നത്. മരങ്ങളും ഫലവൃക്ഷങ്ങളും വെച്ചു പിടിപ്പിക്കലും അവ പരിപാലിക്കലും അദ്ദേഹത്തിന്റെ മറ്റൊരു പ്രവർത്തന മേഘലയായിരുന്നു.

പക്ഷി മൃഗാതികളോട് അടുപ്പം പുലർത്തിയിരുന്ന ഉപ്പ, പ്രഭാത ഭക്ഷണം കഴിക്കുമ്പോൾ തന്റെ ഭക്ഷണത്തിൽ നിന്ന് മുറ്റത്ത് വന്നിരിക്കുന്ന പക്ഷികൾക്കും, എന്തിനേറെ, കുഞ്ഞുറുമ്പുകളെപ്പോലും തീറ്റിയിരുന്നു അദ്ദേഹം! നമ്മിൽ പലരും ജീവികളെ കെണി വെച്ചും മറ്റും പിടിക്കുന്നതിൽ രസം കണ്ടെത്തുന്നവരാണ്, എന്നാൽ എന്റെ ഉപ്പ മറിച്ചായിരുന്നു, ഒരു ജീവിയും ആസ്വാദനത്തിനു വേണ്ടി കൂട്ടിലിട്ടു വളർത്തരുതെന്നും, അതവരുടെ സ്വാതന്ത്ര്യം നിഷേധിക്കലാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം.

സദാ പുഞ്ചിരിച്ചുകൊണ്ടിരിക്കുന്ന ഉപ്പാനെയാണ് എനിക്കോർമ, അദ്ദേഹം ആരോടെങ്കിലും ദേഷ്യപ്പെടുന്നത് എന്റെ ഓർമയിലില്ല. ഒരാളോടും വിദ്വേഷം വെച്ചു പുലർത്തിയിരുന്നില്ല അദ്ദേഹം, അവശരെ തന്നാലാവും വിധം സഹായിച്ചിരുന്നു, തന്റെ ചുറ്റിലും ഉള്ളവർക്ക് അദ്ദേഹത്തോട് വലിയ് കാര്യവുമായിരുന്നു, ഊച്ചു കാക്ക എന്നായിരുന്നു എല്ലാവരും വിളിച്ചിരുന്നത്. അദ്ദേഹത്തിന്റെ മരണം ഞങ്ങളിലുണ്ടാക്കിയത് വലിയ ഞെട്ടലാണ്. സദാ പുഞ്ചിരിച്ചിരുന്ന ആ മുഖം ഒരു കഷ്ണം തുണിയിൽ പൊതിഞ്ഞു കൊണ്ട് പോകുന്നത് കണ്ടാൽ ഒരിറ്റ് കണ്ണീർ വീഴ്ത്താതിരിക്കാനാവില്ല.

അല്ലാഹുവേ നീ അദേഹത്തെ സ്വർഗത്തിന്റെ അവകാശി ആക്കണേ, ആമീൻ.

***മുഹമ്മദ് സിദ്ദീഖ്***

NB: നമ്മിലെല്ലാം ഞെട്ടലുണ്ടാക്കി, അകാലത്തിൽ പൊലിഞ്ഞു പോയ നമ്മുടെയെല്ലാം പ്രിയപ്പെട്ട ഊച്ചു കാക്ക (മൂസക്കുട്ടി ഹാജി വടക്കീൽ) യെ ക്കുറിച്ച് അദ്ദേഹത്തിന്റെ ചെറിയ മകൻ എഴുതിയതാണ് മുകളിൽ അക്ഷരങ്ങളായി കാണുന്ന അശ്രുക്കൾ.